GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/07/2026

1) കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്, പോത്തൻകോട് ഗ്രാമ പഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ **'പാടം പൂക്കും കാലം'** തരിശ് നെൽകൃഷി വിതയുത്സവം കാട്ടായിക്കോണം കുനയിൽ ക്ഷേത്രാങ്കണത്തിൽ വെച്ച് കൃഷിവകുപ്പ് മന്ത്രി അഡ്വ. റ്റി സിദ്ധീഖ് അവർകൾ ഇന്ന് (28.07.2026) ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ഉദ്ഘാടനം നിർവഹിക്കുന്നു. തുടർന്ന് കാട്ടായിക്കോണം കുനയിൽ ക്ഷേത്രാങ്കണത്തിൽ വെച്ച് ബ്ലോക്ക്തല കിസാൻ മേളയും കിസാൻഗോഷ്ഠിയും സംഘടിപ്പിക്കുന്നു. തദവസരത്തിൽ വിവിധ കൃഷിഭവനുകൾ, എഫ്.പി.ഒ, കൃഷിക്കൂട്ടങ്ങൾ, അഗ്രോസർവീസ് സെന്റർ, തുടങ്ങിയവയുടെ പ്രദർശന വിൽപ്പന

സ്റ്റാളുകളും കാർഷിക സെമിനാറുകളും കർഷക ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയും സംഘടിപ്പിക്കുന്നു.

2) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 05.08.2026 ബുധനാഴ്ച്ച രാവിലെ 10 മണി മുതൽ വൈകീട്ട് 4 മണി വരെ " **നെൽകൃഷിയിൽ ഡ്രം സീഡർ സാങ്കേതിക വിദ്യ – വിശകലനം, നവീകരണം, വ്യാപനം"** എന്ന വിഷയത്തിൽ ഏക ദിന ശില്പശാല സംഘടിപ്പിക്കുന്നു. താല്പര്യമുള്ള കർഷകർ 30.07.2026 വൈകീട്ട് 5 മണിക്കു മുമ്പായി 8281200673 എന്ന ഓഫീസ് മൊബൈൽ നമ്പറിലേക്ക് വാട്സ് ആപ്പ് വഴി പേരും മൊബൈൽ നമ്പറും അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3) കർഷക ദിനാചരണത്തിന്റെ ഭാഗമായി വെള്ളറട കൃഷിഭവൻ വെള്ളറട ഗ്രാമപഞ്ചായത്തിലെ വിവിധ കാർഷിക മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവച്ച കർഷകരെ ആദരിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. മികച്ച ജൈവ കർഷകൻ / കർഷക, മികച്ച വനിതാ കർഷക, മികച്ച വിദ്യാർത്ഥി കർഷകൻ / കർഷക, മികച്ച എസ്സി – എസ്ടി കർഷകൻ/ കർഷക, മികച്ച ക്ഷീര കർഷക, മികച്ച മുതിർന്ന കർഷകൻ / കർഷക, മികച്ച കർഷക തൊഴിലാളി, മികച്ച വാഴക്കർഷകൻ / കർഷക, എന്നീ

വിഭാഗങ്ങളിലെ മികവ് പരിഗണിച്ചാണ് പുരസ്കാരങ്ങൾ നൽകുന്നത്. പൂരിപ്പിച്ച അപേക്ഷകൾ ഓഗസ്റ്റ് ഒന്നിനു വൈകുന്നേരം അഞ്ച് മണിക്കകം വെള്ളറട കൃഷിഭവനിൽ സമർപ്പിക്കണം.

4) ഫാം ഇൻഫർമേഷൻ ബ്യൂറോ കുട്ടനാട് എഫ്. എം. 90.0 യിൽ കുട്ടനാടിന്റെ കൃഷി സമൃദ്ധി, കർഷകരുടെ സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്ന പരിപാടിയിൽ **കർഷകർക്ക് സബ്സിഡിക്ക് അപേക്ഷിക്കാം, കാർഷികയന്ത്രങ്ങൾക്കായ് SMAM, സൂക്ഷ്മജലസേചനത്തിനായി RKVY, PDMC പദ്ധതിൽ** കർഷകർക്കുള്ള സംശയങ്ങളും അവയ്ക്കുള്ള മറുപടിയും ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പ്രസാദ്. വി (കൃഷി ഓവർസിയർ) മറുപടി നൽകുന്നു. ഇന്ന് (ചൊവ്വാഴ്ച) രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 മണിവരെ 9995219523 എന്ന നമ്പറിൽ ബന്ധപ്പെടാം.

5) വെള്ളായണി കാർഷിക കോളേജിലെ വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കെ അഗ് ടെക് ലോഞ്ച് പാഡിന്റെ സഹകരണത്തോടെ **സൃഷ്ടി 2026: She Leads Startup Summit 2026 ജൂലൈ 31ന്** സംഘടിപ്പിക്കുന്നു. കൃഷി, അനുബന്ധ കാർഷിക

മേഖലകൾ, അഗ്രിടെക്, ഗ്രാമീണ വികസനം എന്നീ മേഖലകളിൽ നവീന ആശയങ്ങളുള്ള വനിതാ സംരംഭകർക്ക് അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനും, വിദഗ്ധരുടെ നിർദേശങ്ങളും വിലയിരുത്തലുകളും ലഭിക്കാനും, ഇൻകുബേഷൻ, നെറ്റ്‌വർക്കിംഗ് അവസരങ്ങൾ പര്യവേക്ഷണം ചെയ്യാനും ഈ ആശയ അവതരണം അവസരം ഒരുക്കുന്നു. അതോടൊപ്പം കുടുംബശ്രീ വനിതാ സംരംഭകർക്കായി ഉൽപ്പന്ന പ്രദർശനവും വിൽപ്പന മേളയും (Exhibition-cum-Sales) സംഘടിപ്പിക്കുന്നതാണ്. കൃഷി, അനുബന്ധ കാർഷിക മേഖലകൾ, അഗ്രിടെക്, ഗ്രാമീണ വികസനം എന്നിവയുമായി ബന്ധപ്പെട്ട നൂതന ആശയങ്ങളോ പ്രാരംഭഘട്ട സംരംഭങ്ങളോ ഉള്ള വനിതാ സംരംഭകർ, വിദ്യാർത്ഥിനികൾ, ഗവേഷക വിദ്യാർത്ഥിനികൾ, നവോത്ഥാന പ്രവർത്തകർ, സ്റ്റാർട്ടപ്പ് സ്ഥാപകർ, പ്രൊഫഷണലുകൾ എന്നിവർക്ക് ആശയാവതരണത്തിന് അപേക്ഷിക്കാം. പങ്കെടുക്കുന്നവർ 2026 ജൂലൈ 31 നകം രജിസ്റ്റർ ചെയ്യണം കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം.

6) കർഷക ദിനാ ദിനാഘോഷത്തിന്റെ ഭാഗമായി കിളിമാനൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ മികച്ച കർഷകരെ

ആദരിക്കുന്നതിനായി കിളിമാന്നൂർ കൃഷിഭവൻ അപേക്ഷകളും നാമനിർദേശങ്ങളും ക്ഷണിച്ചു. 12 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. താൽപ്പര്യമുള്ളവർ ഓഗസ്റ്റ് മൂന്നിനു വൈകുന്നേരം അഞ്ച് മണിക്ക് മുൻപായി കൃഷി ഭവനിൽ അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9383470198 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം.

7) കോഴിക്കോട് ജില്ലയിലെ അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെൻറ് ഏജൻസിയും (ആത്മ) മുക്കം നഗരസഭ കൃഷിഭവനും ചേർന്ന് ആഗസ്റ്റ് ആദ്യവാരം നടക്കുന്ന രണ്ടു ദിവസത്തെ **നാളികേരാധിഷ്ഠിത കാർഷിക മുറകൾ**, ആഗസ്റ്റ് രണ്ടാം വാരം നടക്കുന്ന **കാർഷിക മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണം** എന്നീ പരിശീലന പരിപാടികളിലേക്ക് പങ്കെടുക്കാൻ താല്പര്യമുള്ളവർ കൃഷിഭവനിലോ, 8606208008 എന്ന വാട്സ്ആപ്പ് നമ്പറിലോ പേരും വിലാസവും ജൂലൈ 31 നകം രജിസ്റ്റർ ചെയ്യുമെന്ന് മുക്കം നഗര സഭാ കൃഷി ഓഫീസർ അറിയിച്ചു.

8) കാർഷിക യന്ത്രവത്കരണ ഉപപദ്ധതി- ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കാൻ തുടങ്ങി. സംസ്ഥാനത്ത് കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമവും വർധിച്ചുവരുന്ന തൊഴിൽച്ചെലവും പരിഗണിച്ച് കാർഷിക പ്രവർത്തനങ്ങൾ

കൂടുതൽ യന്ത്രവത്കരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ധനസഹായത്തോടെ നടപ്പാക്കുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയുടെ ഭാഗമായി കസ്റ്റം ഹയറിംഗ് സെന്റർ (CHC), ഫാം മെഷിനറി ബാങ്ക് (FMB) പദ്ധതികളിലേക്കുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കും. കേന്ദ്ര സർക്കാരിന്റെ Agrimachinery Portal (agrimachinery.nic.in) വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് സമീപത്തെ കൃഷിഭവൻ എന്നിവയുമായി ബന്ധപ്പെടാം.

9) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും കൊല്ലം ജില്ലയിലെ പൂയപ്പള്ളി പഞ്ചായത്ത്, കൃഷിഭവൻ എന്നിവയും ആഭിമുഖ്യത്തിൽ കർഷക ദിനാചരണം ഓഗസ്റ്റ് 17ന് സംഘടിപ്പിക്കുന്നു. ചടങ്ങിൽ വെച്ച് പഞ്ചായത്തിലെ മികച്ച ജൈവകർഷകൻ, മികച്ച സ്ത്രീ കർഷക, മികച്ച വിദ്യാർഥി കർഷകർ, മികച്ച മുതിർന്ന കർഷകർ മികച്ച എസ്.സി എസ്.ടി കർഷകർ എന്നിവരെ ആദരിക്കുന്നു. കർഷകർ പൂയപ്പള്ളി കൃഷിഭവനിൽ ഓഗസ്റ്റ് ഒന്നിനകം **കൃഷി ഓഫീസർ, കൃഷിഭവൻ, പൂയപ്പള്ളി** എന്ന വിലാസത്തിൽ അപേക്ഷകൾ നൽകണം.